**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1433** **28-07-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽരഹിതരായ പ്രവാസികളെ സംബന്ധിച്ച വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്ന് നാട്ടിൽ മടങ്ങിയെത്തിയ തൊഴിൽ രഹിതരായ പ്രവാസികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | (എ) | കോവിഡ് ജാഗ്രത പോർട്ടലിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം, കോവിഡ് മഹാമാരിയെ തുടർന്ന് 22.07.2021വരെ 1113997 പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയിട്ടുണ്ട് |
| (ബി) | തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കി വരുന്നു. പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പിൻതുണ നൽകുന്ന ഈ പദ്ധതിയിൽ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് ലഭിക്കുക. തിരികെ വന്നു സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്ടസിനും ഈ പദ്ധതി മുഖേന വായ്പ നൽകി വരുന്നു. കോവിഡ് പ്രതിസന്ധി മൂലം തിരിച്ചു വരുന്ന പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിക്ക് മാത്രമായി 50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ, തൊഴിൽദാതാക്കളിൽ നിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇന്ത്യൻ എംബസികൾ |

| | | | |
|---|---|---|---|
| | | | വഴി സഹായം തേടുന്നതിനുള്ള സംവിധാനവും നോർക്ക വകുപ്പ് ഒരുക്കിയിട്ടുണ്ട്. ആയിരം കോടി രൂപയുടെ പ്രത്യേക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ